# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണവകുപ്പ് - ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ എടുത്ത കുടുംബങ്ങൾക്ക് പ്രത്യേക പാരിതോഷികമായി 1000 രൂപ വീതം അനുവദിച്ച് ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.ഡി)വകുപ്പ്**

**സ.ഉ.(സാധാ)/2898/2017/ത.സ്വ.ഭ.വ** തിരുവനന്തപുരം,തീയതി, 23/08/2017

പരാമർശം:- എം.ജി.എൻ.ആർ.ജി.എസ്. വർക്കേഴ്സ് യൂണിയൻ ബഹു:മുഖ്യമന്ത്രിക്കും ബഹു:തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്കും നൽകിയ അപേക്ഷകൾ

**ഉത്തരവ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഉത്സവബത്ത അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് എം.ജി.എൻ.ആർ.ജി.എസ്.വർക്കേഴ്സ് യൂണിയൻ പരാമർശ പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ എടുത്ത 1,13,187കുടുംബങ്ങൾക്ക് പ്രത്യേക പാരിതോഷികമായി 1000/- രൂപ (രൂപ ആയിരം മാത്രം) വീതം അനുവദിച്ച് ഉത്തരവാകുന്നു.

3. ഇതിനു വേണ്ടി വരുന്ന 1131.87/- ലക്ഷം രൂപ 2505-02-101-99(02) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.ടി തുക പിൻവലിക്കുന്നത് എല്ലാ ട്രഷറി നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ**

**സെക്രട്ടറി**

1. ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
2. മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ
3. പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
4. ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
5. എല്ലാ ജില്ലാ കലക്ടർമാർക്കും
6. എല്ലാ ജോയിന്റ് പ്രോഗ്രാം കോഓർഡിനേറ്റർമാർക്കും
7. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

8. എല്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
9. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
10. ധനകാര്യ വകുപ്പ്(ഫയൽ നം.ഡവ-2/154/2017/ധന)
11. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
12. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
13. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by SHAJI T R
Date: 2017.08.24 10:44:19 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു:മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു:തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്